**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **07-10-2021 - ൽ മറുപടിയ്ക്ക്**

**എ.സി. റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എ.സി. റോഡിന്റെ നവീകരണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | 24.164 കി.മീ നീളമുള്ള ആലപ്പുഴ – ചങ്ങനാശ്ശേരി റോഡിനെ വാഹന ഗതാഗതത്തിനായി 10 മീറ്റർ വീതിയുള്ള രണ്ട് വരി പാതയും, റോഡിന് ഇരുവശത്തും നടപ്പാതയും ഉണ്ടാകുന്ന തരത്തിൽ ലാന്റ് അക്വിസിഷൻ ഇല്ലാതെയുള്ള പുനരുദ്ധാരണമാണ് ഡി.പി.ആർ. പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. എ.സി റോഡിലെ ഫുട്പാത്ത് ഇല്ലാത്തതും വീതി കുറഞ്ഞതുമായ വലിയ പാലങ്ങളായ കിടങ്ങറ, നെടുമുടി, പള്ളാത്തുരത്തി പാലങ്ങളെ നവീകരിക്കുന്ന റോഡിന്റെ ഘടനയ്ക്ക് അനുസൃതമായി ഒരു വശത്തേയ്ക്ക് വീതി കൂട്ടി പുതിയ പാലമായി നിർമ്മിക്കുന്നതാണ്. കൂടാതെ എ.സി കനാലിന്റെ നീരൊഴുക്ക് തടസ്സമാകുന്ന രീതിയിൽ നിലവിലുള്ള മുട്ടാർ ബോക്സ് കൾവർട്ടിനെ പൊളിച്ച് പകരം കനാലിന് കുറുകെ പുതിയ പാലത്തിന്റെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. എ.സി റോഡിലെ നിലവിലുള്ള 13 ചെറു പാലങ്ങളുടെ പുനർനിർമ്മാണവും, വടക്കുഭാഗത്ത് സർവ്വീസ് റോഡ് വരുന്ന വിധം 5 ഫ്ളൈഓവറുകളുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തെ അടിസ്ഥാന- മാക്കിയുള്ള ലവലിൽ റോഡ് ഉയർത്തിയുള്ള നിർമ്മാണമാണ് നടക്കുന്നത്. റോഡിൽ കുറച്ച് ദൂരത്തിൽ മാത്രം വെള്ളപ്പൊക്കമുണ്ടായ ഭാഗങ്ങളിൽ റോഡിനു കുറുകെയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനായി 9 ഇടങ്ങളിൽ കോസ്.വേകൾ നൽകിയിട്ടുണ്ട്. കൂടാതെ റോഡിൽ നിലവിലെ ചെറുകലുങ്കുകൾക്ക് പകരമായി 3x2 അളവിൽ 67 പുതിയ കലുങ്കുകളുടെ നിർമ്മാണവും ഉൾപ്പെടുന്നു. വശങ്ങളിലെ നടപ്പാതകളുടെ അടിയിൽ ഓടയും, ഒരു വശത്ത് യൂട്ടിലിറ്റി ഡക്ടും നൽകിയിട്ടുണ്ട്. റോഡിന്റെ സുരക്ഷയ്ക്ക് വേണ്ടി കനാലിന്റെയും പാടശേഖരത്തിന്റെയും വശങ്ങളിൽ |

| | | | |
|---|---|---|---|
| | | | മുഴുവൻ ക്രാഷ് ബാരിയറും, മറ്റ് എല്ലാ റോഡ് സുരക്ഷാ സംവിധാനങ്ങളും ഉൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എ.സി. റോഡിന്റെ നവീകരണത്തിന്റെ ഭാഗമായി ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഇരുപത്തിയൊന്ന് ബൈ റോഡുകൾ അടിയന്തരമായി നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിന്റെ എസ്റ്റിമേറ്റ് റോഡ്സ് വിഭാഗം തയ്യാറാക്കി വരുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി റോഡുകളുടെ നവീകരണം അടിയന്തിരമായി പൂർത്തിയാക്കുന്നതാണ്. ബാക്കിയുള്ള ഡൈവേർഷൻ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എ.സി. റോഡിന്റെ നവീകരണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന ഗതാഗതനിയന്ത്രണം കുട്ടനാട്ടിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | എ.സി റോഡ് നവീകരണത്തിന്റെ ഭാഗമായി 13 ചെറുപാലങ്ങളുടെ നിർമ്മാണ ഘട്ടങ്ങളിലാണ് ഗതാഗത നിയന്ത്രണം കൂടുതലായി വരുന്നത്. ഇത് കണക്കിലെടുത്ത് ഒരു സമയം രണ്ട് ചെറുപാലങ്ങളുടെ നിർമ്മാണമാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ട് പാലങ്ങൾ ഒരേ സമയം 90 ദിവസത്തിനകം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. പൊളിക്കുന്ന പാലങ്ങളുടെ സമാന്തരമായി ഡൈവേർഷൻ റോഡ് താൽക്കാലികമായി ഉണ്ടാക്കുകയും ആയതിലൂടെ ആംബുലൻസ് ഉൾപ്പെടെയുള്ള തദ്ദേശീയരുടെ ചെറുവാഹനങ്ങൾ കടത്തി വിടുന്നതുമാണ്. നിലവിൽ രണ്ട് പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ ഒക്ടോബർ 30 ന് മുമ്പായിത്തന്നെ തുറന്ന് ടി ഭാഗത്ത് ഗതാഗതയോഗ്യമാക്കുന്നതാണ്. ആയതിനുശേഷം മാത്രമേ മറ്റ് പാലങ്ങൾ പൊളിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ